**റൂളിംഗ്**

**ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ**

മി. സ്പീക്കർ: ദേവികുളം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ 2021 മെയ് മാസം 24-ാം തീയതി സഭയിൽ വച്ച് ചെയ്ത സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കും പ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2021 ജൂൺ 2-ാം തീയതി വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നതുമൂലം ഉളവായിട്ടുള്ള ഭരണഘടനാ പ്രശ്നങ്ങളിന്മേലും നിയമപ്രശ്നങ്ങളിന്മേലും ചെയറിൽനിന്നുള്ള വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ജൂൺ 2-ാം തീയതി ക്രമപ്രശ്നമുന്നയിച്ചത്.

ശ്രീ. എ. രാജ മെയ് 24-ന് ആദ്യം നടത്തിയ സത്യപ്രതിജ്ഞ നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയതിനാൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്ന ജൂൺ 2-ാം തീയതിയുടെ തലേദിവസംവരെ ആകെ അഞ്ചുദിവസം സഭയിൽ ഹാജരായി സഭാനടപടികളിൽ പങ്കെടുത്തതിന്

അദ്ദേഹത്തിൽനിന്നും ഭരണഘടനയുടെ അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ടോയെന്നും 2021 മെയ് 25-ാം തീയതി നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തിയത് ഉൾപ്പെടെയുള്ള നടപടികൾ അസാധുവാക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രധാനമായും ചെയറിൽനിന്ന് റൂളിംഗ് ആവശ്യപ്പെട്ടത്.

നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി സഭാംഗം എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് സംബന്ധിച്ച ഭരണഘടനാവ്യവസ്ഥകളും ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തതിനോടനുബന്ധിച്ച് നമ്മുടെ സഭയിലും ഇതരസഭകളിലും ഉണ്ടായിട്ടുള്ള കീഴ്വഴക്കങ്ങളും അതോടൊപ്പം സമാന കേസുകളിൽ വിവിധ കോടതികളിൽനിന്ന് വന്നിട്ടുള്ള വിധികളും ഇതിനോടനുബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ മെയ് 24-ാം തീയതി നിയമസഭാംഗം എന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടി വരുമെന്നുമുള്ള

നിലയിൽ മാധ്യമവാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്ന് അഭിപ്രായം ആരായുകയുണ്ടായി.

ശ്രീ. എ. രാജ തമിഴ്ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നത്. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന തമിഴ്ഭാഷയിലുള്ള സത്യപ്രതിജ്ഞാ വാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. എ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിക്കുവാൻ ഇടയായതെന്നാണ് നിയമവകുപ്പിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി പരാമർശിക്കേണ്ടിയിരുന്ന ദൈവനാമത്തിൽ അല്ലെങ്കിൽ സഗൗരവം എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാ

ഫാറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായി പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലാണ് എന്നതുസംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 188-ലെ വ്യവസ്ഥ പ്രകാരം മൂന്നാം പട്ടികയിൽ ചേർത്തിട്ടുള്ള ഫോമിൽ പറഞ്ഞിരിക്കുന്ന പ്രകാരമല്ലാതെ നടത്തുന്ന സത്യപ്രതിജ്ഞ ക്രമാനുസൃതമായ സത്യപ്രതിജ്ഞയായി കാണാനാകില്ല. അപ്രകാരം പൂർണ്ണമല്ലാത്ത സത്യപ്രതിജ്ഞ ചെയ്യുന്ന അംഗങ്ങൾക്ക് സഭയിൽ പ്രവേശിക്കുവാനോ, സഭാനടപടികളിൽ പങ്കെടുക്കാനോ, വോട്ട് രേഖപ്പെടുത്താനോ അവകാശവുമില്ല. മാത്രവുമല്ല, അങ്ങനെ ചെയ്യുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴ ഇത്തരം അംഗങ്ങളിൽനിന്ന് ഈടാക്കേണ്ടതാണെന്ന് അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

Haridasan Palayil Vs. The speaker of Kerala Legislative Assembly 2003 (3) KLT 119 എന്ന കേസിൽ ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ

ചെയ്തെന്ന് കണ്ടെത്തിയ പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം സത്യപ്രതിജ്ഞയ്ക്കുശേഷം അപ്രകാരം സഭാനടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ അടയ്ക്കണമെന്ന് മാത്രമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചത്. അദ്ദേഹം സഭാനടപടികളിൽ പങ്കെടുത്തതും വോട്ടു രേഖപ്പെടുത്തിയതുമായ യാതൊരു നടപടികളും അസാധുവാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് പ്രഖ്യാപിച്ചിട്ടില്ലെന്ന് ഇത്തരുണത്തിൽ ചെയർ പ്രത്യേകമായി നിരീക്ഷിക്കുന്നു.

അതോടൊപ്പം "സഭയിൽ ഇരിക്കുകയോ, വോട്ട് ചെയ്യുകയോ, നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന വസ്തുത ഇതോടൊപ്പം ചേർത്തുവായിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021 മെയ് 24-ാം തീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ല എന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ രണ്ടാം തീയതി വരെ സഭയിൽ ഹാജരായ മെയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേയ്ക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ ആകെ 2500/- രൂപ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികളൊന്നുംതന്നെ അസാധുവാകുന്നതുമല്ല എന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാവ്യവസ്ഥകളുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുകയില്ല. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യരുത്, ഞങ്ങൾ ചെയ്യില്ല. അങ്ങ് രണ്ട് തെറ്റുകളെക്കുറിച്ച് പറഞ്ഞു. ഒന്ന്, അഞ്ച് ദിവസം പങ്കെടുത്തതിന് 2500/-രൂപ പിഴയൊടുക്കണം എന്ന് പറഞ്ഞു. രണ്ടാമത്തെ കാര്യം,

ഇതിനിടയിൽ ഏതെങ്കിലുമൊരു യോഗത്തിൽ പങ്കെടുക്കുകയോ ഏതെങ്കിലും ഒരു കാര്യത്തിൽ വോട്ട് രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അങ്ങ് ഒന്നും പറയുന്നില്ല. പഴയ ഒരു വിധിയുടെ അടിസ്ഥാനത്തിൽ അത് undo ചെയ്യണം, അദ്ദേഹം ചെയ്ത വോട്ട് മൈനസ് ചെയ്യണമെന്ന് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അതിനുള്ള അധികാരമുണ്ട്. അംഗമല്ലാത്ത ഒരാൾ ഈ സഭയിൽ എങ്ങനെയോ വന്നുപെട്ടുവെന്നിരിക്കട്ടെ; അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ ചെയ്ത ഒരു വോട്ട് കുറഞ്ഞാലും അങ്ങ് തന്നെ സ്പീക്കർ. കാരണം, ഇവിടെ നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ അങ്ങയുടെ ഭൂരിപക്ഷത്തിൽ വളരെയേറെ വ്യത്യാസമുണ്ട്. പക്ഷേ ഒരു നീതിപീഠത്തിന്റെ തലപ്പത്തിരുന്ന് അങ്ങ് ചെയ്ത നീതിപൂർവ്വമായൊരു നടപടിയായി ഈ സഭ നിലനിൽക്കുന്നിടത്തോളം കാലം അത് അംഗീകരിക്കപ്പെടും. അതുകൊണ്ട് അങ്ങയുടെയും സ്ഥാനം വളരുമെന്നുതന്നെയാണ് ഇതിനെക്കുറിച്ചുള്ള എന്റെ നിരീക്ഷണം.

മി. സ്പീക്കർ: അങ്ങ് മുതിർന്ന ഒരംഗമാണ്. കാര്യങ്ങളെല്ലാം സൂക്ഷ്മമായി ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ആളാണ്. പക്ഷേ റൂളിംഗിൽ അങ്ങ്

ശ്രദ്ധിക്കാതെപോയ ഒരു ഭാഗം ഞാൻ വീണ്ടും ഉദ്ധരിക്കാം. "സഭയിൽ ഇരിക്കുകയോ വോട്ട് ചെയ്യുകയോ നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു." അനുച്ഛേദം 189(2).

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, .......(മൈക്ക് ഓഫ്).......

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, റൂളിംഗിനെക്കുറിച്ച് സാധാരണ ചർച്ച നടത്താറില്ല.

**റൂളിംഗ്**

<u>ചട്ടങ്ങളുടെ ലംഘനം</u>

<u>മി. സ്പീക്കർ</u>: ഓർഡർ.....ഓർഡർ..... 2021 ജൂൺ മാസം 4-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനോടനുബന്ധിച്ച രേഖകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് യഥാസമയം ലഭ്യമായിട്ടില്ലെന്നും ഡിമാന്റ് ഫോർ ഗ്രാന്റ്സ് സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തേണ്ട വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം നടന്നിട്ടില്ലെന്നും ഈ സാഹചര്യത്തിൽ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച നടത്തുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പുതിയ നിയമസഭ നിലവിൽ വരികയും പെട്ടെന്നുതന്നെ സഭാസമ്മേളനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അനുവദനീയമായ താമസസൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത ചില വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ട്.

കോവിഡ് കാലംകൂടി ആയതിനാൽ ഇക്കാര്യങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല എന്ന വസ്തുത എല്ലാവർക്കും അറിയുന്നതാണ്. ഇക്കാരണങ്ങൾകൊണ്ടാണ് ബഡ്ജറ്റ് സംബന്ധിച്ച വിശദമായ രേഖകൾ അംഗങ്ങൾക്ക് അവരവരുടെ മുറികളിൽ യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. എന്നിരുന്നാലും എല്ലാ അംഗങ്ങൾക്കും രേഖകൾ യഥാസമയം എത്തിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും അവ ലഭിക്കാനുണ്ടെങ്കിൽ അവ ഇപ്പോൾത്തന്നെ ലഭ്യമാക്കേണ്ടതാണ്.

സബ്ജക്റ്റ് കമ്മിറ്റികളുടെ രൂപീകരണം പൂർത്തീകരിക്കാതെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുന്നതിനെതിരെയാണ് ബഹുമാനപ്പെട്ട അംഗം മറ്റൊരു ക്രമപ്രശ്നം ഉന്നയിച്ചത്. ഇക്കാര്യത്തിൽ പ്രകടമായ ഒരു ചട്ടലംഘനമോ കീഴ്വഴക്കങ്ങളുടെ ലംഘനമോ ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്. പുതിയ നിയമസഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ വളരെ അപൂർവമായിട്ടാണെങ്കിൽപ്പോലും സബ്ജക്റ്റ് കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയാകുന്നതിന് മുമ്പായി പൊതുചർച്ച ആരംഭിച്ചിട്ടുണ്ട്. എന്തുതന്നെയായാലും നമ്മുടെ സഭയിലെ വിവിധ സബ്ജക്റ്റ് കമ്മിറ്റികളുടെ

രൂപീകരണം ബഡ്ജറ്റ് ചർച്ച ആരംഭിക്കുന്ന ഇന്നുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതുകൊണ്ട് ചട്ടം 142 താൽകാലികമായി മരവിപ്പിക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.